(ബി) വാഹനാപകടങ്ങൾമൂലം 2010 ജനുവരി മുതൽ ഡിസംബർ വരെ (20-12-2010) വരെ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ട് ;

(സി) വർദ്ധിച്ചുവരുന്ന ട്രാഫിക് അപകടങ്ങൾ കണക്കിലെടുത്ത് ട്രാഫിക് നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുൻവർഷത്തേക്കാൾ വാഹനാപകടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

(ബി) വാഹനാപകടങ്ങൾമൂലം 2010 ജനുവരി മുതൽ ഡിസംബർ 20 വരെ 3537 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഹൈവേ പട്രോൾ പോലീസിന്റെയും ഹൈവേകളുമായി അടുത്ത് ഇടപഴകുന്ന പൗരന്മാരേയും റോഡ് സുരക്ഷാ മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടു കൂടിയും (25-7-2009-ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 117/2009 ആഭ്യന്തരം ഉത്തരവു പ്രകാരം) ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ ശരിയായ ട്രാഫിക് സംസ്കാരം ഉണ്ടാക്കി എടുക്കുന്നതിലേക്കായി റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ട്രാഫിക് ചട്ട ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി ആൽക്കോമീറ്ററുകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ തുടങ്ങിയവ പോലീസ് ഉപയോഗിച്ചുവരുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാർ/ഹോംഗാർഡുകൾ തുടങ്ങിയവരെ നിയമിച്ചും അപകട സൂചനാ ബോർഡുകൾ, വേഗപരിധി ബോർഡുകൾ തുടങ്ങിയവ സ്ഥാപിച്ചും നടപടികൾ എടുത്തുവരുന്നുണ്ട്.

ഹോംഗാർഡുകളുടെ സേവനം

21 (1782) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹോംഗാർഡുകളുടെ സേവനം ലഭിച്ചുവരുന്നു ;

(ബി) എല്ലാ ജില്ലകളിലും ഹോം ഗാർഡുകളെ നിയമിച്ചിട്ടുണ്ടോ ;

(സി) ഇവരുടെ ജോലി സമയം എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രതിദിനം എത്ര രൂപ ശമ്പളമാണ് ഇവർക്ക് നിശ്ചയിച്ചിരിക്കുന്നത് ;

(ഇ) ഹോംഗാർഡുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഇപ്പോൾ നൽകി വരുന്നു ;

(എഫ്) എപ്രകാരമുള്ളവരെയാണ് ഹോംഗാർഡുകളായി നിയമിക്കുന്നത് ; വിശദമാക്കുമോ ;

(ജി) ഇവർക്ക് എപ്രകാരമുള്ള ജോലികളാണ് അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2908.

(ബി) ഉണ്ട്.

(സി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്/പോലീസ് വകുപ്പുകളിൽ ഒരു ദിവസത്തെ ഡ്യൂട്ടിക്കായി നിഷ്കർഷിച്ചിട്ടുള്ള സമയമാണ് ഹോം ഗാർഡുകളുടെ ഒരു ദിവസത്തെ ഡ്യൂട്ടി സമയം.

(ഡി) ദിനംപ്രതി 250 രൂപ സ്റ്റൈപ്പന്റ്.

(ഇ) യൂണിഫോം അലവൻസ് 3000 രൂപ ഓണം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് 600 രൂപ.

(എഫ്) 35-നും 58-നും ഇടയിൽ പ്രായമുള്ളവരും നല്ല ശാരീരിക ക്ഷമതയുള്ളവരും ആർമി, നേവി, എയർഫോഴ്സ് തുടങ്ങിയ സേന, ബി.എസ്.എഫ്., സി.ആർ.പി.എഫ്., സി.ഐ.എസ്.എഫ് തുടങ്ങിയ അർദ്ധ സൈനിക സേന, കേരള പോലീസ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നീ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച ആൾക്കാരെയാണ് ഹോം ഗാർഡുകളുടെ നിയമനത്തിനായി പരിഗണിക്കുന്നത്. 100 മീറ്റർ ഓട്ടം 18 സെക്കന്റിനുള്ളിൽ പൂർത്തിയാക്കണം., 3 കിലോമീറ്റർ നടത്തം 30 മിനിട്ടിനുള്ളിൽ പൂർത്തിയാക്കണം എന്നതാണ് ശാരീരിക ക്ഷമതയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർ എസ്.എസ്.എൽ.സി. പാസ്സായിരിക്കണം. എസ്.എസ്.എൽ.സി. പാസ്സായവരുടെ അഭാവത്തിൽ ഏഴാം സ്റ്റാൻഡേർഡ് യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതാണ്.

(ജി) 1. ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ

2. ട്രാഫിക് നിയന്ത്രണവും ക്രമീകരണവും

3. ആഘോഷവേളകളിൽ ബന്തവസ് ഡ്യൂട്ടി

4. പൊതു പരിപാടികളിലെ ബന്തവസ് ഡ്യൂട്ടി

5. പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനം-സിവിൽ ഡിഫൻസ് പ്രവർത്തനം

6. ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ

7. സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി

8. പട്രോൾ അസിസ്റ്റന്റ്

9. കമ്മ്യൂണിറ്റി പോലീസിംഗ്

10. കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഡ്യൂട്ടി

LIBRARY ARCHIVES Kerala Legislative Assembly